**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- കാസർഗോഡ് ജില്ല-വോർക്കാടി ഗ്രാമപഞ്ചായത്ത്-2012-13, 2013-14 വർഷങ്ങളിലെ ഐ.എ.വൈ പദ്ധതി ക്രമക്കേട്-മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായ ശ്രീ.എ.പുരുഷോത്തമൻ, ശ്രീ.അബ്ദുൾനാസിർ.എം എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ)നം. 1607/2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 17.5.2017

---

പരാമർശം : 1. വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.9.2015 തീയതിയിലെ ഇ 14-29020/2015 നമ്പർ കത്ത്.

2. ശ്രീ.എ.പുരുഷോത്തമൻ, ശ്രീ.അബ്ദുൾനാസിർ.എം എന്നിവർക്ക് സർക്കാരിൽ നിന്നും 13/01/2016 തീയതിയിൽ നൽകിയ കുറ്റപത്രവും, കുറ്റാരോപണപത്രികയും.

3. 15/03/2016, 4/03/2016 തീയതികളിൽ യഥാക്രമം ശ്രീ.എ.പുരുഷോത്തമൻ, ശ്രീ.അബ്ദുൾ നാസിർ.എം എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ.

4. ഗ്രാമവികസന കമ്മീഷണറുടെ 22/10/2016 തീയതിയിലെ 1786/എസ്റ്റാ.എ 4/ 1786/എസ്റ്റാ.എ 4/ 2016/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിലെ 2012-13, 2013-14 വർഷങ്ങളിലെ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോഴിക്കോട് യൂണിറ്റ് പരിശോധന നടത്തുകയും പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. മേൽ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വോർക്കാടി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എ.പുരുഷോത്തമൻ, മീഞ്ച വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.അബ്ദുൾ നാസിർ.എം എന്നിവർക്ക് പരാമർശം (2) പ്രകാരം സർക്കാരിൽ നിന്നും കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. പരാമർശം (3) പ്രകാരം ടി ഉദ്യോഗസ്ഥർ പ്രതിവാദ പത്രികകൾ സമർപ്പിച്ചു.

വോർക്കാടി ഗ്രാമപഞ്ചായത്തിൽ 2012-13 വർഷം പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി തെരഞ്ഞെടുത്ത ശ്രീമതി.അങ്കാരയുടെ ഭർത്താവിന് വോർക്കാടി വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ഉണ്ടായിരുന്ന വിവരം താൻ നടത്തിയ അർഹതാ പരിശോധനയിൽ കണ്ടെത്താൻ സാധിച്ചില്ലെന്നും ടിയാളെ ഗ്രാമസഭ വഴിയാണ് തെരഞ്ഞെടുത്തതെന്നും 19/02/2013 ലെ പി.ആർ.30/2013 നമ്പർ തീരുമാന പ്രകാരം അംഗീകാരം ലഭിച്ച ഗുണഭോക്താവായതിനാലാണ് ടിയാൾക്ക് ആനുകൂല്യം നൽകിയിട്ടുള്ളതെന്നും ശ്രീ.എ.പുരുഷോത്തമൻ മറുപടി നൽകിയിട്ടുണ്ട്. റേഷൻ കാർഡിൽ ശ്രീമതി.അങ്കാരയും കുടുംബവും ദാരിദ്ര്യ വിഭാഗത്തിന് താഴെയുള്ള വിഭാഗത്തിൽപ്പെടുന്നവരും കുടുംബത്തിന്റെ പ്രതിമാസ വരുമാനം 150/- (നൂറ്റി അൻപത്) രൂപയുമാണെന്നും ജോലി ഭാരം നിമിത്തവും ജോലിയിലെ പരിചയക്കുറവ് നിമിത്തവും സംഭവിച്ചിട്ടുള്ള വീഴ്ച മാപ്പാക്കി ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കാണമെന്നും ടിയാൻ അഭ്യർത്ഥിച്ചു

2009-10 ൽ IAY പദ്ധതി പ്രകാരം വോർക്കാടി ഗ്രാമപഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം ലഭിച്ച ശ്രീമതി.രേവതി W/o മാധവ എന്നയാൾ പ്രസ്തുത വിവരം മറച്ചു വെച്ചതിനാലും സർവ്വീസിലെ തന്റെ പരിചയക്കുറവുനിമിത്തവും, നിശ്ചിത സമയത്തിനുള്ളിൽ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി വേഗത്തിൽ അന്വേഷണം നടത്തിയതിനാലും ഗുണഭോക്താവ് നൽകിയ വിവരങ്ങൾ വിശ്വസിച്ചു പോയതിനാലുമാണ് ടിയാൾക്ക് ആനുകൂല്യം നൽകാൻ ഇടയായിട്ടുള്ളതെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.അബ്ദുൾ നാസിർ.എം മറുപടി നൽകിയിട്ടുണ്ട്.

ശ്രീ.എ.പുരുഷോത്തമൻ, ശ്രീ.അബ്ദുൾ നാസിർ.എം എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചു. വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ പട്ടികവർഗ്ഗ പാർപ്പിട പദ്ധതിയിലെ ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി.അങ്കാറ, തന്റെ ഭർത്താവിന് സർക്കാർ ജോലിയുള്ള വിവരം ഫീൽഡ്തല പരിശോധനാ സമയത്ത് മറച്ചുവെച്ചതിനാലാണ് ടിയാൾക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എ.പുരുഷോത്തമൻ ആനുകൂല്യം നൽകാനിടയാക്കിയതെന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ബോധപൂർവ്വം വീഴ്ച വരുത്തിയിട്ടില്ലെന്നും കമ്മീഷണർ അഭിപ്രായപ്പെട്ടു. മീഞ്ച ഗ്രാമപഞ്ചായത്തിലെ 2013-14 വർഷത്തെ IAY പട്ടിക വർഗ്ഗ ഗുണഭോക്താവായ ശ്രീമതി.രേവതി, 2009-10 വർഷത്തിൽ IAY പദ്ധതി പ്രകാരം തനിക്ക് ആനുകൂല്യം ലഭിച്ചിട്ടുള്ള വിവരം ബോധപൂർവ്വം മറച്ചുവെച്ചതിനാലും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.അബ്ദുൾ നാസിറിന്റെ ജോലിയിലെ പരിചയക്കുറവ് നിമിത്തവുമാണ് അനർഹയായ ശ്രീമതി.രേവതിയ്ക്ക് ആനുകൂല്യം നൽകാനിടയാക്കിയതെന്നും അനർഹമായി കൈപ്പറ്റിയ തുക പലിശ സഹിതം ടിയാളിൽ നിന്നും തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കമ്മീഷണർ റിപ്പോർട്ടു ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റപത്രത്തിലെ ആരോപണങ്ങളെ ഖണ്ഡിക്കുന്നതിന് പര്യാപ്തമായ തെളിവുകളൊന്നും ഹാജരാക്കുന്നതിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായ ശ്രീ.എ.പുരുഷോത്തമൻ, ശ്രീ.അബ്ദുൾ നാസിർ.എം എന്നിവർക്ക് കഴിഞ്ഞിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്തത് ഗുരുതരമായ കൃത്യവിലോപമാണ്. വ്യക്തിഗതാനുകൂല്യങ്ങൾക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ അർഹത ഫീൽഡ് തല പരിശോധനയിൽ കണ്ടെത്താൻ കഴിയാതിരുന്നത് പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണോദ്യോഗസ്ഥർക്ക് സംഭവിച്ചിട്ടുള്ള വീഴ്ചയാണ്. നിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും കൂടുതൽ ശ്രദ്ധയും ഉത്തരവാദിത്വവും ഉണ്ടാകേണ്ടതായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിൽ 2012-13, 2013-14 വർഷങ്ങളിൽ IAY പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണത്തിന് അനർഹരായവർക്ക് ആനുകൂല്യം നൽകാനിടയായതുമായി ബന്ധപ്പെട്ട് വോർക്കാടി ഗ്രാമപഞ്ചായത്ത് മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എ.പുരുഷോത്തമൻ, മീഞ്ച ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.അബ്ദുൾ നാസിർ.എം എന്നിവർക്കെതിരെ കേരള സിവിൽ സർവ്വീസസ് (നിയന്ത്രണവും തരംതിരിക്കലും അപ്പീലും) ചട്ടം 16 പ്രകാരം സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടി ടി ഉദ്യോഗസ്ഥരുടെ 2 വാർഷിക ഇൻക്രിമെന്റുകൾ വീതം രണ്ട് വർഷത്തേയ്ക്ക് സഞ്ചിത പ്രാബല്യത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കിയും ശ്രീമതി.രേവതി അനർഹമായി കൈപ്പറ്റിയ 2,25,000/- (രണ്ട് ലക്ഷത്തി ഇരുപത്തയ്യായിരം) രൂപയും ശ്രീമതി .അങ്കാര അനർഹമായി -

കൈപ്പറ്റിയ 2,50,000/- (രണ്ട് ലക്ഷത്തി അൻപതിനായിരം) രൂപയും ടിയാളുകളിൽ നിന്നും തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ**

സെക്രട്ടറി

1) ശ്രീ.എ.പുരുഷോത്തമൻ, മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വോർക്കാടി ഗ്രാമപഞ്ചായത്ത് ( ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ശ്രീ.അബ്ദുൾ നാസിർ.എം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മീഞ്ച ഗ്രാമപഞ്ചായത്ത് ( ഗ്രാമവികസന കമ്മീഷണർ മുഖേന).
3) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
4) വിജിലൻസ് വകുപ്പ്(നം.11764/ഡി2/2015/വിജി തീയതി 13.11.2015)
5) വിജിലൻസ് ഡയറക്ടർ,തിരുവനന്തപുരം.
6) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
7) അക്കൗണ്ടന്റ് ജനറൽ, (എ&ഇ), കോഴിക്കോട്
8) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
9) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
10) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ